# കേരളത്തിലെ നാടൻ പശുക്കൾ

കേരളത്തിലെ പരമ്പരാഗത കൃഷിയുടെ അവിഭാജ്യ ഘടകങ്ങളായിരുന്നു കന്നുകാലിയിനങ്ങൾ. നാടിനോട് ഇഴുകി ചേർന്നു വളരുന്ന നാടൻ പശുക്കളെയാണ് ഭാരതത്തിലെ കർഷകർ പണ്ട് വളർത്തിയിരുന്നത്. സിബു (zebu) അഥവാ ബ്രഹ്മൻ എന്ന വിഭാഗത്തിൽപ്പെട്ട ദക്ഷിണേഷ്യയിൽ ഉരുത്തിരിഞ്ഞ കന്നുകാലികളായിരുന്നു ഇവ. ബോസ് ഇൻഡിക്കസ് എന്ന സ്പീഷിസിൽപ്പെട്ട ഈ പശുക്കളുടെ 37 അംഗീകൃത ഇനങ്ങൾ (നാഷണൽ ബ്യൂറോ ഓഫ് ആനിമൽ ജനറ്റിക് റിസോഴ്സസ് അംഗീകരിച്ചത്) ഭാരതത്തിലുണ്ട്. താരതമ്യേന ചെറിയ കൃഷിയിടങ്ങളുള്ള കേരളത്തിലാകട്ടെ വലിപ്പം കുറഞ്ഞ പശുവിനങ്ങളെയാണു കർഷകർ പരിപാലിച്ചിരുന്നത്.

കുറഞ്ഞ തീറ്റയും, പരിചരണവും, ഉയർന്ന അതിജീവന ശേഷിയും, നല്ല രോഗപ്രതിരോധ ശേഷിയുമുള്ള ഇത്തരം തനതു പശുവിനങ്ങളെ ജൈവവളത്തിനായും പാലുൽപ്പാദനത്തിനു വേണ്ടിയും, കൃഷിപ്പണികൾക്കായും ഉപയോഗിച്ചു വരുന്നു. കേരളത്തിലെ തനത് ഇനങ്ങളിൽ വെച്ചൂർ പശുവിനു മാത്രമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. കാസർഗോഡ് ഡ്വാർഫ് എന്നതിന് അംഗീകാരം നേടിയെടുക്കാനായി വെച്ചൂർ കൺസർവേഷൻ ട്രസ്റ്റും മറ്റു ഏജൻസികളും ശ്രമം നടത്തിവരുകയാണ്.

## വെച്ചൂർ പശു

കേരളത്തിന്റെ തനതായ ഈ പശു കോട്ടയത്തെ വെച്ചൂർ ഗ്രാമത്തിൽ ഉരുത്തിരിഞ്ഞതാണെന്നു കരുതുന്നു. തവിട്ട്, കറുപ്പ്, വെളുപ്പ്, ചാര നിറങ്ങളിൽ ഈയിനം കാണപ്പെടുന്നു. പശുക്കൾ 91 സെന്റീമീറ്റർ വരെയും കാളകൾ 105 സെന്റീമീറ്റർ വരെയും മാത്രമെ ഉയരം വയ്ക്കുകയുള്ളൂ. വെച്ചൂർ പശുക്കളുടെ ഒരു ദിവസത്തെ പാലുൽപ്പാദനം 3 ലിറ്റർ മാത്രമാണ്. ശരീരഭാരത്തിന് ആനുപാതികമായി നോക്കിയാൽ വെച്ചൂർ പശുവിന്റെ പാലുൽപ്പാദനം കൂടുതലാണ്.


വെച്ചൂർ പശു

ഉയരക്കുറവ്, കുറഞ്ഞ തീറ്റ, രോഗ പ്രതിരോധ ശേഷി, നന്നായി ഇണങ്ങുന്ന പ്രകൃതം എന്നിവ വെച്ചൂർ പശുക്കളെ നൂറ്റാണ്ടുകളായി കേരളത്തിലെ ചെറുകിട കർഷകർക്കു പ്രിയപ്പെട്ടതാക്കി. അന്തരീക്ഷ ഈർപ്പവും താപനിലയും കൂടുതലുള്ള കേരളത്തിലെ അന്തരീക്ഷത്തിൽ വെച്ചൂർ പശുക്കൾക്ക് നന്നായി നിലനിൽക്കാൻ സാധിക്കും. വെച്ചൂർ കാളകൾക്ക് വലിപ്പം കുറവെങ്കിലും കായികശേഷി കൂടുതലായതിനാൽ നിലമുഴാൻ വ്യാപകമായി ഉപയോഗിച്ചിരുന്നു. കേരളത്തിൽ വെച്ചൂർ പശുക്കൾ കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളിലാണ് കാണപ്പെട്ടിരുന്നത്.

1961 ൽ നിലവിൽ വന്ന കേരള ലൈവ് സ്റ്റോക്ക് (ഇംപ്രൂവ്മെന്റ്) ആക്ടും, 1968 ൽ ഇതിനുണ്ടായ ഭേദഗതിയും, കേരളത്തിൽ നാടൻ കാളകളെ വൃഷണഛേദം നടത്താതെ വളർത്തുന്നതു കുറ്റകരമാക്കി. ഇതോടൊപ്പം നാടൻ പശുക്കളെ യൂറോപ്യൻ ഇനങ്ങളുമായി ബീജസങ്കരണം നടത്തി സങ്കരയിനങ്ങളെ വികസിപ്പിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചു. അങ്ങനെ കേരളത്തിലെ നാടൻ പശുവിനങ്ങൾ വംശക്ഷയം നേരിടാൻ തുടങ്ങി. 1980 തുകളിലാണ് വെച്ചൂർ പശുക്കൾ വംശനാശത്തിന്റെ വക്കിലെത്തിയത്. ഈയിനത്തിന്റെ കാളകളെ വൈക്കം ശിവക്ഷേത്രത്തിൽ ആചാരത്തിന്റെ ഭാഗമായി പരിപാലിച്ചിരുന്നു. ഇത് ഒരളവു വരെ ഇവയെ രക്ഷിച്ചെടുക്കാൻ സഹായകരമായി.

## സംരക്ഷണം

1989 ൽ തൃശ്ശൂർ വെറ്റിനറി കോളേജിൽ കേവലം നാല് പശുക്കളും, ഒരു പശുക്കുട്ടിയും, രണ്ട് കാളക്കുട്ടികളും, ഒരു കാളയുമായി വെച്ചൂർ കൺസർവേഷൻ പ്രോജക്ടിന് തുടക്കമിട്ടു. ഈയിനത്തിനുവേണ്ടിയുള്ള അന്വേഷണം കോളേജിലെ ഗവേഷക സംഘം തുടരുകയും അതിന്റെ ഫലമായി ഒരു വർഷംകൊണ്ട് ഏകദേശം 24 പശുക്കുട്ടികളെക്കൂടി കണ്ടെത്തുകയും ചെയ്തു.

വെച്ചൂർ പശുക്കളെ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനായി പ്രജനന പദ്ധതികൾ പലതും നടപ്പിലാക്കി. കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ അധികം പശുക്കളെ ഉൽപ്പാദിപ്പിക്കാൻ ഇതിലൂടെ കഴിഞ്ഞു. വെച്ചൂർ പശുക്കളുടെയും മറ്റു നാടൻ ഇനങ്ങളുടെയും സംരക്ഷണം ലക്ഷ്യമാക്കി വെച്ചൂർ സംരക്ഷണ ട്രസ്റ്റ് കേരളത്തിൽ മണ്ണുത്തി ആസ്ഥാനമാക്കി സ്ഥാപിക്കപ്പെട്ടു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് കോട്ടയത്തെ നീണ്ടൂരിൽ ഇപ്പോൾ ഒരു ജനിതകദ്രവ്യ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യകാർഷിക സംഘടന വെച്ചൂർ പശുവിനെ Domestic Animal Diversity Information System- ലെ ഇന്ത്യൻ പശുവിനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യകാർഷിക സംഘടന വെച്ചൂർ പശുക്കളെ ഗുരുതരമായ വംശഭീഷണി നേരിടുന്ന ഇനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ പഠനമനുസരിച്ച് വെച്ചൂർ പശുക്കളിൽ സങ്കരയിനങ്ങളിൽ സാധാരണ കണ്ടുവരുന്ന അകിടുവീക്കം, കുളമ്പു രോഗം എന്നിവ അപൂർവ്വമായേ ബാധിക്കാറുള്ളൂ. ഈ ഇനത്തിന്റെ മറ്റൊരു സവിശേഷത സങ്കരയിനങ്ങളേക്കാൾ ശ്വാസകോശരോഗങ്ങൾ ഇവയ്ക്ക് കുറവാണെന്നതാണ്.

## കാസർഗോഡ് ഡ്വാർഫ്

കാസർഗോഡ് ജില്ലയിൽ കാണപ്പെടുന്ന കാസർഗോഡ് ഡ്വാർഫ് എന്നയിനത്തിലെ കാളകൾക്ക് 107 സെന്റീമീറ്ററോളവും, പശുക്കൾക്ക് 95 സെന്റീമീറ്ററോളവും മാത്രമെ ഉയരമുണ്ടാകാറുള്ളൂ. കാളകൾ പ്രായപൂർത്തിയെത്തുമ്പോൾ 194 കിലോഗ്രാംവരെ ഭാരം വയ്ക്കുന്നു. പശുക്കൾ 147 കിലോഗ്രാം വരെയും. ഉയർന്ന വളർച്ചാ നിരക്കുള്ള ഇനമാണിത്. കാസർഗോഡ് ഡ്വാർഫിന് വെച്ചൂർ പശുവിനെ അപേക്ഷിച്ച് പൊക്കം കൂടുതലാണ്. എന്നാൽ ഇവയുടെ പാലുൽപ്പാദനം താരതമ്യേന കുറവാണ്. ഒരു ദിവസം ഒരു ലിറ്റർ പാൽ മാത്രമെ ഇവ ചുരത്താറുള്ളൂ. അത് കിടാങ്ങളെ പാലൂട്ടാൻ മാത്രമെ തികയാറുള്ളൂ.


കാസർഗോഡ് ഡ്വാർഫ്

## ഇനിയും നിർവ്വചിക്കാത്ത ഇനങ്ങൾ

കേരളത്തിൽ ഇനിയും പൂർണ്ണമായി നിർവ്വചിക്കപ്പെടാത്തതായ (Non descript) വിഭാഗത്തിൽ ഉൾപ്പെടുന്ന പശുവിനങ്ങളുമുണ്ട്.

## കുട്ടമ്പുഴ കുള്ളൻ

എറണാകുളം ജില്ലയിലെ വനപ്രദേശങ്ങളിൽ, പ്രത്യേകിച്ച് കുട്ടമ്പുഴ പഞ്ചായത്തിൽ കാണപ്പെടുന്ന പശുവിനമാണ് കുട്ടമ്പുഴ കുള്ളൻ. ആദിവാസി ജനവിഭാഗങ്ങൾ വളർത്തുന്ന ഈയിനം, പുഴയിൽ നന്നായി നീന്താനും കാട്ടിൽ ദീർഘദൂരം സഞ്ചരിക്കാനും വൈദഗ്ധ്യമുള്ളതാണ്. ഇതിന്റെ പാലിൽ കൊഴുപ്പിന്റെ അംശം കൂടുതലാണെന്ന് കരുതപ്പെടുന്നു. ഉയരം കുറഞ്ഞ ഈയിനം ഇന്നേറെ അപൂർവ്വമാണ്. തീറ്റക്കാര്യത്തിൽ പ്രത്യേക ചിട്ടയൊന്നുമില്ലാത്ത ഈ പശുവിനെ വളർത്താൻ കർഷകരും കർഷകക്കൂട്ടായ്മകളും തൽപ്പരരായി വരുന്നുണ്ട്.

## വടകര ഡ്വാർഫ്

കോഴിക്കോട് വടകരയിൽ കാണുന്ന വടകര ഡ്വാർഫാണ് കേരളത്തിന്റെ തനതായ മറ്റൊരിനം. 105 മുതൽ 110 സെന്റീമീറ്റർ മാത്രം ഉയരം വയ്ക്കുന്ന ഈയിനം പ്രതിദിനം 3 ½ ലിറ്റർ പാൽ ചുരത്തുന്നു. കറുപ്പ്, വെളുപ്പ്, തവിട്ട് നിറങ്ങളിൽ ഇത് കാണപ്പെടുന്നുണ്ട്. ഇത് ഇന്ന് അപൂർവ്വമാണ്.

## ചെറുവള്ളി

കേരളത്തിൽ കാണപ്പെടുന്ന ഉയരം കുറഞ്ഞ മറ്റൊരിനം പശുവാണ് ചെറുവള്ളി. കോട്ടയത്തെ ചെറുവള്ളി എസ്റ്റേറ്റിൽ കാണപ്പെടുന്ന ഈയിനം റബ്ബർ തോട്ടങ്ങളിൽ മേഞ്ഞു നടന്നു വളരാൻ കെൽപ്പുള്ളതാണ്. അതിജീവന ശേഷിയിൽ മുന്നിലാണ് ചെറുവള്ളി പശു, നല്ല ഇണക്കവുമുണ്ട്. പകൽ സമയത്ത് ഇവ എസ്റ്റേറ്റിൽ മേഞ്ഞു നടന്ന പുല്ലു തിന്ന് കഴിയുന്നു, രാത്രി എസ്റ്റേറ്റിനുള്ളിലെ ഉടമകളുടെ വീടുകൾക്ക്  സമീപം വിശ്രമം. അത്യാവശ്യം കുടിവെള്ളമോ  ശുദ്ധജലമോ കൊടുത്താൽ മാത്രം മതി. ഇത്തരത്തിൽ, ചെറുവള്ളി പശുവിന്റേതും ഒരു സീറോ ബഡ്ജറ്റ് പശുപരിപാലനം തന്നെയാണ്.

കേരളത്തിലെ വിലപ്പെട്ട നാടൻ പശുവിനങ്ങളെ എന്തു വിലനൽകിയും സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഇവയെ, സ്വാഭാവികമായി കാണപ്പെടുന്ന സ്ഥലങ്ങളിൽത്തന്നെ സംരക്ഷിക്കുകയാണ് ഏറ്റവും അഭികാമ്യമായ കാര്യം. നാടൻ പശുക്കളെ മാത്രം കർഷകർ വാങ്ങിക്കൊണ്ടു പോകുമ്പോൾ മറ്റിനങ്ങളുമായുള്ള സങ്കരണത്തിലൂടെ ഇവയുടെ വർഗ്ഗശുദ്ധി നഷ്ടപ്പെടാൻ സാധ്യതയേറെയാണ്. എന്നാൽ ഇതിനെ സംബന്ധിച്ച അവബോധമുള്ള കർഷകർ ഈ ഇനങ്ങളെ വാങ്ങുമ്പോൾ ജോഡികളായിതന്നെ വാങ്ങുന്നു എന്നുള്ളതും അവയുടെ വർഗ്ഗശുദ്ധി നഷ്ടപ്പെടാതെ സൂക്ഷിക്കുന്നു എന്നുള്ളതും പ്രതീക്ഷയുളവാക്കുന്ന കാര്യങ്ങളാണ്. ഇങ്ങനെ വളർത്തുമ്പോൾ ഓരോ പശുവിന്റെയും കാളയുടെയും വംശാവലി (pedigree) വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട് ഇവയിലൂടെ, നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ ജനിതക സമ്പത്തുകളെ നമുക്ക് സംരക്ഷിക്കാം.


വടകര ഡ്വാർഫ്


ചെറുവള്ളി


കുട്ടമ്പുഴ കുള്ളൻ

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
**എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.**
**തിരുവനന്തപുരം 695011 ഫോൺ: 04712554740**
www.keralabiodiversity.org
keralabiodiversity@gmail.com



# കേരളത്തിലെ നാടൻ പശുക്കൾ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്